# Std. 4 - Chapter 14 - Revision - Main points

## പാഠം 14 — കൂദാശാനുകരണങ്ങൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | അദൃശ്യമായ ദൈവീകജീവൻ നൽകി നമ്മെ വിശുദ്ധീകരിക്കുന്ന കർമ്മങ്ങൾ ഏവ? | **കൂദാശകൾ.** |
| 2 | കൂദാശകൾ സ്ഥാപിച്ചത് ആരാണ്? | **ഈശോ (ക്രിസ്തു).** |
| 3 | നമ്മുടെ ജീവിതത്തെയും ജീവിതസാഹചര്യങ്ങളെയും വിശുദ്ധീകരിക്കുന്ന സഭയിലെ കർമ്മങ്ങളും പ്രാർത്ഥനകളും ശുശ്രൂഷകളും എന്തെന്നറിയപ്പെടുന്നു? | **കൂദാശാനുകരണങ്ങൾ.** |
| 4 | **1. കൂദാശാനുകരണങ്ങൾ എന്നാൽ എന്ത്?** | **സഭാമക്കളെ വിശുദ്ധീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി നമ്മുടെ ജീവിതത്തെയും ജീവിതസാഹചര്യങ്ങളെയും വിശുദ്ധീകരിക്കുന്ന സഭയിലെ കർമ്മങ്ങളെയും പ്രാർത്ഥനകളെയും ശുശ്രൂഷകളെയുമാണ് കൂദാശാനുകരണങ്ങൾ എന്ന് പറയുന്നത്.** |
| 5 | കൂദാശാനുകരണങ്ങൾ സ്ഥാപിച്ചത് ആരാണ്? | **തിരുസഭ.** |
| 6 | കൂദാശാനുകരണങ്ങൾ നമ്മെ എന്തിനുവേണ്ടി ഒരുക്കുന്നു? | **കൃപാവരം സ്വീകരിക്കുന്നതിനും അതിനോട് സഹകരിച്ചു പ്രവർത്തിക്കാനും.** |
| 7 | കൂദാശാനുകരണങ്ങൾക്ക് ചില ഉദാഹരണങ്ങൾ പറയുക? | **മൂറോൻ കൂദാശ, ദേവാലയ കൂദാശ, വ്രതവാഗ്ദാനം, മൃതസംസ്കാരം, വെഞ്ചരിപ്പുകൾ, ആശീർവാദങ്ങൾ തുടങ്ങിയവ.** |
| 8 | ഈ കർമ്മങ്ങളെ 'കൂദാശാനുകരണങ്ങൾ' എന്ന് വിളിക്കുന്നത് എന്തുകൊണ്ട്? | **കൂദാശകളോട് സാമ്യമുള്ള കർമ്മങ്ങളായതുകൊണ്ട്.** |
| 9 | സഭ എന്ത് പരിഗണിച്ചാണ് കൂദാശാനുകരണങ്ങൾ ആരംഭിച്ചത്? | **ഓരോരോ കാലങ്ങളിൽ സഭാസമൂഹത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച്.** |
| 10 | **2. എന്തു ലക്ഷ്യത്തോടെയാണ് സഭ കൂദാശാനുകരണങ്ങൾ സ്ഥാപിച്ചത്?** | **സഭാമക്കളുടെ വിവിധ ജീവിതാവസ്ഥകളെയും സാഹചര്യങ്ങളെയും ജീവിതവുമായി ബന്ധപ്പെട്ട ആഘോഷങ്ങളെയും സ്ഥലങ്ങളെയും വസ്തുക്കളെയും വിശുദ്ധീകരിക്കുക എന്നതാണ് കൂദാശാനുകരണങ്ങളുടെ ലക്ഷ്യം. തിന്മയുടെ ശക്തികളെ അതിജീവിച്ച് വിശുദ്ധജീവിതം നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കാനും ഇത് ലക്ഷ്യമാക്കുന്നു.** |
| 11 | സഭാമക്കളുടെ ജീവിതസാഹചര്യങ്ങളെയും വസ്തുക്കളെയും വിശുദ്ധീകരിക്കുക എന്നത് എന്തിന്റെ ലക്ഷ്യമാണ്? | **കൂദാശാനുകരണങ്ങളുടെ.** |

| | ചോദ്യം | ഉത്തരം |
|---|---|---|
| 12 | 3. കൂദാശാനുകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏത്? | കൂദാശാനുകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂറോൻ കൂദാശ അഥവാ സൈത്ത് വെഞ്ചരിപ്പാണ്. തൈലാഭിഷേക കൂദാശയിലും, മാമ്മോദീസാജലം വെഞ്ചരിക്കുന്നതിലും, പൗരോഹിത്യം, മെത്രാഭിഷേകം തുടങ്ങിയ ശുശ്രൂഷകളിലും ലേപനമുണ്ടെങ്കിൽ അതിനും ഉപയോഗിക്കുന്നത് ഈ തൈലമാണ്. |
| 13 | മൂറോൻ കൂദാശ (സൈത്ത് വെഞ്ചരിപ്പ്) നടത്തുന്നത് ആരാണ്? | മെത്രാൻ. |
| 14 | തൈലാഭിഷേക കൂദാശയിൽ ഉപയോഗിക്കുന്ന തൈലം ഏത്? | മൂറോൻ കൂദാശയിൽ വെഞ്ചരിച്ച തൈലം (സൈത്ത്). |
| 15 | മാമ്മോദീസാജലം വെഞ്ചരിക്കുന്നതിന് ഉപയോഗിക്കുന്ന തൈലം ഏത്? | മൂറോൻ. |
| 16 | പണിതീർത്ത ദൈവാലയം ദൈവത്തിന് പ്രതിഷ്ഠിക്കപ്പെടുന്ന കർമ്മം ഏത്? | ദൈവാലയ കൂദാശ. |
| 17 | ദൈവസാന്നിധ്യത്താൽ പരിശുദ്ധമായി മാറുന്ന ഇടം ഏത്? | ദൈവാലയം. |
| 18 | സമർപ്പിതരെ സഭ വിശുദ്ധീകരിച്ച് ദൈവത്തിന് പ്രതിഷ്ഠിക്കുന്ന ശുശ്രൂഷ ഏത്? | വ്രതവാഗ്ദാനം. |
| 19 | സമർപ്പിതർ അനുഷ്ഠിക്കേണ്ട പ്രധാന വ്രതങ്ങൾ ഏതെല്ലാം? | അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം. |
| 20 | മരിച്ച ക്രൈസ്തവരെ സഭ ആദരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ശുശ്രൂഷ ഏത്? | മൃതസംസ്കാരം. |
| 21 | തിന്മയിൽ നിന്നും തിന്മയുടെ ശക്തിയിൽ നിന്നും വ്യക്തികളെയും സ്ഥലങ്ങളെയും മോചിപ്പിച്ച് വിശുദ്ധീകരിക്കുന്നത് എന്തിലൂടെയാണ്? | വെഞ്ചരിപ്പുകളും ആശീർവാദങ്ങളും വഴി. |
| 22 | നാം എങ്ങനെയുള്ള മനോഭാവത്തോടെയാണ് കൂദാശാനുകരണങ്ങൾ സ്വീകരിക്കേണ്ടത്? | വിശ്വാസത്തോടും ഒരുക്കത്തോടും കൂടെ. |
| 23 | 4. കൂദാശാനുകരണങ്ങളോട് നമുക്കുണ്ടായിരിക്കേണ്ട മനോഭാവം എന്ത്? | കൂദാശകൾ കഴിഞ്ഞാൽ നമ്മുടെ ജീവിതത്തെ ഏറ്റവും ധന്യമാക്കാൻ സഹായിക്കുന്ന കൂദാശാനുകരണങ്ങളെ വിശ്വാസത്തോടും നല്ല ഒരുക്കത്തോടും കൂടെ സ്വീകരിച്ച് ആത്മശക്തിയാൽ നിറയാൻ നാം പരിശ്രമിക്കണം. |